**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **11-06-2024 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും എന്തെല്ലാം അധിക ധനസഹായങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ വഴി അധിക ധനസഹായങ്ങൾ നൽകി വരുന്നുണ്ട്.<br><br>**1. സംരംഭക സഹായ പദ്ധതി**<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. എന്നാൽ വനിത / എസ് .സി /എസ് .റ്റി വിഭാഗത്തിന് 10 % സബ്സിഡി അധികമായി നൽകുന്നു. ആയത് പ്രകാരം സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25 % പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വനിതാ /എസ് സി /എസ് റ്റി സംരഭകർക്ക് നൽകുന്നു<br><br>**2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്**<br><br>വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ പുതുതായി ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.<br><br>ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.<br><br>**3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. |

**4. <u>കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)</u>**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും, ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും, ധനകാര്യസ്ഥാപന ങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/യുവതി യുവാക്കൾ/ ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്.

**<u>5. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)</u>**

തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം,KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽമുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമ |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ,പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷ വിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

മേൽപ്പറഞ്ഞ ധനസഹായങ്ങൾ കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള ചെറുകിട-ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി വി-മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി നിലവിൽ 7.5% പലിശ നിരക്കിൽ 6 വർഷത്തേക്ക് പരമാവധി 50 ലക്ഷം രൂപവരെ ഈടില്ലാതെ ലോൺ നൽകി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സംരംഭകർക്ക് സാധാരണ സംരംഭകർക്ക് ലഭിക്കുന്നതിനേക്കാൾ വായ്പ സബ്സിഡി സംസ്ഥാനം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ